"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - തീരമാവേലി പദ്ധതി പ്രകാരം തീരമൈത്രി സൂപ്പർ മാർക്കറ്റുകൾക്ക് മാവേലി ഇനത്തിൽപ്പെട്ട അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ നൽകിയ വകയിൽ, 2022 ഏപ്രിൽ മുതൽ 2022 ഡിസംബർ മാസം വരെ സാഫ് സപ്ലൈകോയ്ക്ക് നൽകുവാനുള്ള കുടിശ്ശിക തുക സപ്ലൈകോയ്ക്ക് അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.733/2023/F&P തീയതി,തിരുവനന്തപുരം, 17-09-2023

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 02/06/2023 തീയതിയിലെ DFTVM/2663/2020-N2 നമ്പർ കത്ത്.

**ഉത്തരവ്**

തീരമാവേലി പദ്ധതി പ്രകാരം തീരമൈത്രി സൂപ്പർമാർക്കറ്റുകൾക്ക് മാവേലി ഇനത്തിൽപ്പെട്ട അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ നൽകിയ വകയിൽ, 2022 ഏപ്രിൽ മുതൽ 2022 ഡിസംബർ മാസം വരെ സാഫ് സപ്ലൈകോയ്ക്ക് നൽകുവാനുള്ള കുടിശ്ശിക തുകയായ 18,23,014/- രൂപ (പതിനെട്ട് ലക്ഷത്തി ഇരുപത്തി മൂവായിരത്തി പതിനാല് രൂപ മാത്രം) സപ്ലൈകോയ്ക്ക് അടിയന്തിരമായി നൽകേണ്ടതുണ്ടെന്നും, ആയതിനാൽ ടി തുക 2023-24 സാമ്പത്തിക വർഷം അഡീഷണൽ ഓതറൈസേഷൻ മുഖേന 2405-00-105-88 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ലഭ്യമാക്കണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തീരമാവേലി പദ്ധതി പ്രകാരം തീരമൈത്രി സൂപ്പർമാർക്കറ്റുകൾക്ക് മാവേലി ഇനത്തിൽപ്പെട്ട അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ നൽകിയ വകയിൽ, 2022 ഏപ്രിൽ മുതൽ 2022 ഡിസംബർ മാസം വരെ സാഫ് സപ്ലൈകോയ്ക്ക് നൽകുവാനുള്ള കുടിശ്ശിക തുകയായ 18,23,014/- രൂപ (പതിനെട്ട് ലക്ഷത്തി ഇരുപത്തി മൂവായിരത്തി പതിനാല് രൂപ മാത്രം), ടി തുകയുടെ കൃത്യത ഫിഷറീസ് ഡയറക്ടർ ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിൽ, സപ്ലൈകോയ്ക്ക് അനുവദിക്കുന്നതിനുള്ള അനുമതി ഫിഷറീസ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SIVADAS B
അണ്ടർ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യവകുപ്പ്(2305673/WDC-2/99/2022-FIN തീയതി 04/08/2023 പ്രകാരം)
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി) തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ